**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **24-06-2024 - ൽ മറുപടിയ്ക്ക്**

**വകുപ്പുകൾക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട വാർഷിക പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രദമായി തുക ചെലവഴിക്കുന്നുണ്ടോ എന്ന് അവലോകനം നടത്താറുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധവകുപ്പുകൾക്ക് പദ്ധതിനിർവ്വഹണത്തിനായി അനുവദിക്കുന്ന തുക സാമ്പത്തികവർഷം ആദ്യം, പ്ലാനിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ Planspace2.0 എന്ന പോർട്ടലിൽ അപ്ഡേറ്റ് ചെയ്യപ്പെടും. ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ചെലവാക്കുന്ന തുക അതത് വകുപ്പുകൾ തന്നെ Planspace2.0 ൽ അപ്ഡേറ്റ് ചെയ്യും. ഇത്തരത്തിൽ നിർവ്വഹണവകുപ്പുകൾ/ ഏജൻസികൾ അപ്ഡേറ്റ് ചെയ്ത ചെലവിന്റേയും ട്രഷറി ചെലവിന്റേയും അടിസ്ഥാനത്തിൽ പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സമയബന്ധിതമായി നിരീക്ഷിച്ചുവരുന്നു. പ്രസ്തുത നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, ചീഫ് സെക്രട്ടറിയുടേയും യോഗങ്ങളിൽ പദ്ധതി ചെലവ് സംബന്ധിച്ച് അവലോകനം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും ചെലവും പ്രത്യേകമായി അവലോകനം ചെയ്യുന്നുമുണ്ട്. |
| (ബി) | ഇത്തരത്തിൽ വിവിധ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക ചെലവഴിക്കുന്ന വിധം പരിശോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധവകുപ്പുകൾക്ക് പദ്ധതിനിർവ്വഹണത്തിനായി അനുവദിക്കുന്ന തുക സാമ്പത്തികവർഷം ആദ്യം, പ്ലാനിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ Planspace2.0 എന്ന പോർട്ടലിൽ അപ്ഡേറ്റ് ചെയ്യപ്പെടും. ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ചെലവാക്കുന്ന തുക അതത് വകുപ്പുകൾ തന്നെ Planspace2.0 ൽ അപ്ഡേറ്റ് ചെയ്യും. ഇത്തരത്തിൽ നിർവ്വഹണവകുപ്പുകൾ/ ഏജൻസികൾ അപ്ഡേറ്റ് ചെയ്ത ചെലവിന്റേയും ട്രഷറി ചെലവിന്റേയും അടിസ്ഥാനത്തിൽ പദ്ധതിനിർവ്വഹണ |

| | | | |
|---|---|---|---|
| | | | വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സമയബന്ധിതമായി നിരീക്ഷിച്ചുവരുന്നു. പ്രസ്തുത നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, ചീഫ് സെക്രട്ടറിയുടേയും യോഗങ്ങളിൽ പദ്ധതി ചെലവ് സംബന്ധിച്ച് അവലോകനം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും ചെലവും പ്രത്യേകമായി അവലോകനം ചെയ്യുന്നുമുണ്ട്. |
| (സി) | വാർഷിക പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്ന പ്രവണത തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ പദ്ധതിരേഖയിലോ/വാർഷിക പദ്ധതിയിലോ  ഓരോ പദ്ധതിക്കുമായി വിഭാവനം ചെയ്യുന്ന തുക അതത് പദ്ധതികൾക്കു വേണ്ടിയാണ് വിനിയോഗിക്കാറുള്ളത്.  സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ പദ്ധതിക്കുമായുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തുന്നത്.  ഇപ്രകാരം ഓരോ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ള തുക മറ്റു പദ്ധതിക്കൾക്കായി വകമാറ്റി ചെലവഴിക്കാറില്ല. എന്നാൽ അപൂർവ്വമായ ചില സന്ദർഭങ്ങളിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഓരോ വകുപ്പിനും വകയിരുത്തിയിട്ടുള്ള ആകെ പദ്ധതി അടങ്കലിൽ നിന്ന് കൊണ്ട് തന്നെ മറ്റു പദ്ധതികൾക്ക് മുൻഗണന ക്രമം പുനർനിശ്ചയിക്കാറുമുണ്ട് |
| (ഡി) | ഇപ്രകാരം വകമാറ്റുന്ന തുക തിരികെ ഖജനാവിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ പദ്ധതിരേഖയിലോ/വാർഷിക പദ്ധതിയിലോ  ഓരോ പദ്ധതിക്കുമായി വിഭാവനം ചെയ്യുന്ന തുക അതത് പദ്ധതികൾക്കു വേണ്ടിയാണ് വിനിയോഗിക്കാറുള്ളത്.  സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ പദ്ധതിക്കുമായുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തുന്നത്.  ഇപ്രകാരം ഓരോ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ള തുക മറ്റു പദ്ധതിക്കൾക്കായി വകമാറ്റി ചെലവഴിക്കാറില്ല. എന്നാൽ അപൂർവ്വമായ ചില സന്ദർഭങ്ങളിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഓരോ വകുപ്പിനും വകയിരുത്തിയിട്ടുള്ള ആകെ പദ്ധതി അടങ്കലിൽ നിന്ന് കൊണ്ട് തന്നെ മറ്റു പദ്ധതികൾക്ക് മുൻഗണന ക്രമം പുനർനിശ്ചയിക്കാറുമുണ്ട് |

സെക്ഷൻ ഓഫീസർ